**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 225** **16-09-2025-ൽ മറുപടിയ്ക്ക്**

**<u>ആശാവർക്കർമാരുടെ വേതന വർദ്ധനവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ന്യായമായ വേതന വർദ്ധനവ് ആവശ്യപ്പെട്ട് ആശാവർക്കർമാർ മാസങ്ങളായി നടത്തുന്ന സമരപരിപാടികളെ സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** ആശാ പ്രവർത്തകർ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ മുൻ നിർത്തി NHM SMD തലത്തിലും, ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലും ആശാ പ്രവർത്തകരുടെ സംഘടനകളുമായി വിവിധ ഘട്ടങ്ങളിലായി ചർച്ചകൾ നടത്തുകയും, 2025 ഏപ്രിൽ 3 ന് നടത്തിയ ചർച്ചയിലെ ബഹുഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആശമാരുടെ ഓണറേറിയം ഉൾപ്പടെയുള്ള എല്ലാ പ്രശ്നങ്ങളും പഠിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

**(ബി)** ഇക്കാര്യത്തിൽ സർക്കാർ നിയോഗിച്ച സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണെന്ന് വിശദവിവരം നൽകുമോ ;

**<u>മറുപടി:</u>** റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു.

**(സി)** ആശാവർക്കർമാരുടെ സേവനത്തെ അംഗീകരിച്ചുകൊണ്ട് വേതന വർദ്ധനവ് നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

**<u>മറുപടി:</u>** റിപ്പോർട്ട് പരിശോധിച്ച് ഹോണറേറിയം വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**